2. വളരെ ചെലവ് കൂടിയതും ഇപ്പോഴത്തെ ഉത്തരവുകളിൽ ഉൾപ്പെടുത്താത്തതുമായ പുതിയ ചികിത്സകളും മറ്റും നടത്തുന്നതിനുവേണ്ടി പലിശരഹിത വായ്പയ്ക്ക് അപേക്ഷിക്കുന്നവരുടെ അപേക്ഷകൾ ആരോഗ്യവകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനായുള്ള ഒരു വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് 18-3-2004-ലെ ജി.ഒ. (ആർ.റ്റി.) 807/04/H&FWD ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

(സി) വിവിധയിനം ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കും വിവിധ ആശുപത്രികൾ ഏകീകൃതമായ നിരക്കുകൾ അല്ല ഈടാക്കുന്നത്. അതുകൊണ്ട് ഇത് ശാസ്ത്രീയമായി റീഇംബേഴ്സ്മെന്റ് ആവശ്യത്തിലേക്ക് ഏകീകരിച്ച് പരിഷ്ക്കരിക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ

25 [2888] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ ഏതെല്ലാം ബാങ്കുകളുമായി സഹകരിച്ചാണ് ലഭ്യമാക്കുന്നത്;

(ബി) ലോൺ തുക തിരിച്ചടക്കുന്നത് ശമ്പളത്തിൽ ഉള്ള പിടുത്തം വഴിയാണോ;

(സി) എങ്കിൽ ലോൺ എടുത്തിട്ടുള്ള ചില ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും യഥാസമയം തിരിച്ചുപിടിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് ജീവനക്കാരുടെ ബാദ്ധ്യത ക്രമാതീതമായി വർദ്ധിപ്പിക്കുമെന്നതിനാൽ യഥാസമയം വായ്പ ഗഡു തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കാനറാ ബാങ്ക്, കോർപ്പറേഷൻ ബാങ്ക്, ഫെഡറൽ ബാങ്ക്, സിൻഡിക്കേറ്റ് ബാങ്ക്, എച്ച്.ഡി.എഫ്.സി., ഇൻഡ്യൻ ബാങ്ക് എന്നീ ബാങ്കുകളുമായി സഹകരിച്ചാണ് ലഭ്യമാക്കുന്നത്.

(ബി) ഭവന വായ്പാ നിയമാവലി അനുസരിച്ച് വായ്പാ തുക മാസം തോറും ശമ്പളത്തിൽ ഉള്ള പിടുത്തം വഴിയാണ് തിരിച്ചടക്കേണ്ടത്.

(സി) 20-3-2003-ലെ സർക്കാർ ഉത്തരവ് (പി) നം. 173/03/ധന.യിലാണ് സർക്കാർ ജീവനക്കാർക്ക് ബാങ്കു മുഖാന്തിരം ഏർപ്പെടുത്തിയ ഭവന വായ്പ തിരിച്ചുപിടിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. എന്നാൽ ഈ ഉത്തരവിൽ ചില അവ്യക്തതകൾ ഉള്ളതിനാൽ പല ഓഫീസുകളിലും ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും വായ്പ തുക തിരിച്ചു പിടിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടും ഉണ്ട്. ഇവ പരിഹരിച്ചുകൊണ്ടുള്ള പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഡി) യഥാസമയം വായ്പ ഗഡു തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly